KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **24.07.2024**

# കേരളത്തിൽ ഈ സാമ്പത്തിക വർഷം 25 കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങും: മന്ത്രി പി രാജീവ്

- **പദ്ധതിയ്ക്ക് തുടക്കമായി; വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു**

**തിരുവനന്തപുരം**: സംസ്ഥാനത്തുടനീളമുള്ള 25 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങാനുള്ള അനുമതി നല്കുമെന്ന് നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് പറഞ്ഞു. കേരളത്തിലെ 80 ഓളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വ്യവസായ ആവശ്യത്തിനുള്ള ഭൂമി ലഭ്യതയുടെ കുറവ് മറികടക്കുന്നതിനും വിദ്യാർത്ഥികളിൽ സംരഭകത്വ താൽപ്പര്യം വളർത്തുന്നതിനുമായി സംസ്ഥാന സർക്കാർ രൂപം നൽകിയ നൂതന ആശയമായ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഭൂമി ഉപയോഗപ്പെടുത്തി കാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുക എന്നതാണ് പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പദ്ധതിക്ക് വേണ്ടി തയ്യാറാക്കിയ ഓൺലൈൻ പോർട്ടലിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ സംരംഭകത്വ താല്പര്യം വളർത്തുന്നതിനുള്ള ഈ പദ്ധതിയുടെ പിറവിയോടെ ചരിത്രപരമായ മാറ്റത്തിന് തുടക്കം കുറിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന വിദ്യാർത്ഥികളുടെ ഗവേഷണ ഫലങ്ങളുടെ വ്യാവസായിക ഉത്പാദനത്തിന് ആദ്യ പരിഗണന നല്കണം. അധ്യാപകരുടെ കണ്ടെത്തലുകൾ രണ്ടാമത് പരിഗണിക്കണം. പൂർവ്വ വിദ്യാർത്ഥികൾക്കും പദ്ധതിയുടെ ഭാഗമാകാനാകും. വ്യവസായ നയം-2023 ന്റെ ഭാഗമായ 22 മുൻഗണനാ മേഖലകളെ അടിസ്ഥാനമാക്കിയാണ് പദ്ധതി നടപ്പിലാക്കുക.

കാമ്പസുകളിലെ ലാബുകളിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികൾ എത്ര മണിക്കൂർ ചെലവഴിച്ചു എന്നത് പരിശോധിച്ച് ഗ്രേസ് മാർക്ക് നല്കണം. ഇത്തരം നടപടികളിലൂടെ സംസ്ഥാനത്തെ മിടുക്കരായ വിദ്യാർത്ഥികളുടെ പുറംനാട്ടിലേക്കുള്ള ഒഴുക്ക് തടയാനാകുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ഐടി അധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും കാമ്പസ് ഇൻഡസ്ട്രീസ് പാർക്കുകളുടെ ഭാഗമാകാം. ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരവധി സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഫിൻടെക്, എഡ്യുടെക്, സൈക്കോളജി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് വലിയ സാധ്യതയുണ്ടെന്നും മന്ത്രി പറഞ്ഞു.

വിദ്യാർത്ഥികളിൽ നിന്നുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് ഇൻഡസ്ട്രിയൽ കാമ്പസ് പാർക്ക് പദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. ഇത്തരം സംരംഭങ്ങൾക്ക് ആവശ്യമായ കൈത്താങ്ങ് വ്യവസായ വാണിജ്യ വകുപ്പ് നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ്. ഹരികിഷോർ, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ. സുധീർ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ് എന്നിവരും സംസാരിച്ചു.

കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി മാർഗ്ഗരേഖ ഫെബ്രുവരിയിൽ സർക്കാർ പുറത്തിറക്കിയിരുന്നു. കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള സർക്കാർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ ഐടിഐകൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം പദ്ധതിയുടെ കീഴിൽ വരും.

കാമ്പസുകളിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് വേണ്ടത്. 30 വർഷത്തേക്കാണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക. കാമ്പസ് ഇൻഡസ്ട്രിയിൽ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി പരിസ്ഥിതി ലോല പ്രദേശം, തീരദേശ നിയന്ത്രണ മേഖല,

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

തോട്ടം, തണ്ണീർത്തട സംരക്ഷണ നിയമം എന്നിവയിൽ ഉൾപ്പെടരുത്. ഈ എസ്റ്റേറ്റുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കും.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വെബ് പോർട്ടൽ മുഖേന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മറ്റി ശുപാർശ ചെയ്യുന്ന അപേക്ഷകൾ സർക്കാർ തലത്തിൽ വകുപ്പുതല സെക്രട്ടിമാർ അടങ്ങുന്ന ഉന്നത സമിതി പരിശോധിച്ച് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡവലപ്പർ പെർമിറ്റ് നൽകും.

കാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, മാലിന്യ നിർമ്മാർജന പ്ലാന്റ്, ലാബ്, ടെസ്റ്റിങ്ങ് ആൻഡ് സർട്ടിഫിക്കേഷൻ സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപവരെ ഒരു എസ്റ്റേറ്റിന് നൽകും. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 1.5 കോടി രൂപയും സർക്കാർ ധനസഹായം നൽകും.